പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T2247 15.07.2011- ൽ മറുപടിക്ക്

പ്രകൃതിദുരന്തങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എം ആരിഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br><br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | കാലവർഷക്കെടുതിയിൽ വീട് പൂർണ്ണമായി തകർന്നവർക്ക് മുൻ സർക്കാരിന്റെ കാലയളവിൽ എപ്പോഴെങ്കിലും ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകിയിരുന്നോ; എങ്കിൽ എത്ര പേർക്ക് നൽകി; | (എ) | ഉണ്ട്. മുൻ സർക്കാരിന്റെ കാലയളവിൽ കാലവർഷക്കെടുതിയിൽ വീട് പൂർണ്ണമായും തകർന്ന 1060 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇടിമിന്നലേറ്റ് മരിച്ചവർക്കും പാമ്പു കടിയേറ്റവർക്കും മുൻ സർക്കാർ ഏറ്റവും ഒടുവിൽ എത്ര രൂപയാണ് നഷ്ടപരിഹാര ധനസഹായം നൽകിയത്; | | (ബി)യും, (സി)യും<br><br>ഇടിമിന്നലേറ്റ് മരിച്ചവർക്കും പാമ്പു കടിയേറ്റ് മരിക്കുന്നവർക്കും പ്രകൃതി ക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ അപകടത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച് ഇടിമിന്നൽ മരണങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപയും, പാമ്പ് കടിയേറ്റുള്ള മരണത്തിന് മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 30,000/- രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; | | |
| (ഡി) | കാലവർഷക്കെടുതിയിൽ സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ തകർന്നാൽ ഇന്ന് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇതിന് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലിലുള്ള മാനദണ്ഡ പ്രകാരം വ്യവസ്ഥയില്ല. എന്നാൽ ഇത്തരം ചില കേസുകളിൽ നാശനഷ്ടത്തിന്റെ സ്വഭാവവും മറ്റ് പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്ത് പ്രത്യേക കേസായി നഷ്ടപരിഹാരം അനുവദിക്കാറുണ്ട്. |
| (ഇ) | അരൂർ സെന്റ് അഗസ്റ്റിൻ സ്കൂളിന്റെ ആസ്ബസ്റ്റോസ് ഷീറ്റുകൾ കൊടുങ്കാറ്റിൽ പൂർണ്ണമായും തകർന്നതുമൂലം ഉണ്ടായ 10 ലക്ഷത്തിലധികം രൂപയുടെ നഷ്ടപരിഹാരത്തിനുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | മേൽ പറഞ്ഞ നടപടി ക്രമങ്ങൾക്ക് വിധേയമായി നിർദ്ദേശം ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൻമേൽ നടപടി സ്വീകരിക്കാൻ നിർവാഹമുള്ളു. |

സെക്ഷൻ ഓഫീസർ